മേലിൽ ചേരിചേരാ രാഷ്ട്രത്തലവന്മാർ കൂട്ടായി നടത്തേണ്ടിയിരിക്കുന്നു. 'ഇനി താങ്കളാണു ഞങ്ങളുടെ നേതാവ്'' എന്നു പറഞ്ഞ യാസർ അരാഫത്തിനോട് 'നേതാവായിരിക്കുന്നതല്ല, നമ്മുടെ മഹത്തായ കർത്തവ്യം നിറവേറ്റുന്നതിൽ നാമെല്ലാം സഹോദരന്മാരും സഹോദരിമാരും സഖാക്കളുമായിരിക്കുന്നതാണ്, ഞാനിഷ്ടപ്പെടുക' എന്ന് ഇന്ദിരാഗാന്ധി പറയുകയുണ്ടായി. ഇതേ മനോഭാവം ചേരിചേരാ രാഷ്ട്രത്തലവന്മാർക്കിടയിൽ യഥാർത്ഥത്തിൽ നിലനില്ക്കുമെങ്കിൽ, തങ്ങളുടെ രാജ്യങ്ങളുടെ വികസനപ്രശ്നങ്ങൾ പരിഹരിക്കുന്നതിനു മാത്രമല്ല, പരിഹാരം കാണാൻ പറ്റാത്തവയെന്നു കരുതപ്പെടുന്ന ലോകപ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കുന്നതിൽ ഗണ്യമായ സഹായം നല്കുന്നതിനുകൂടി അവർക്കു സാധിക്കുന്നതായിരിക്കും. കാരണം, ലോക പൊതുജനാഭിപ്രായം, ലോകമനസ്സാക്ഷി എന്നെല്ലാം വിളിക്കപ്പെടുന്നത് ചേരിചേരാ രാഷ്ട്രങ്ങളുടെ പൊതുവായ അഭിപ്രായമല്ലാതെ മറ്റൊന്നുമല്ല എന്ന നില ഇതിനകം വന്നുകഴിഞ്ഞിട്ടുണ്ട്. ലോക പൊതുജനാഭിപ്രായത്തെ ദീർഘകാലം പാടെ ധിക്കരിക്കുക, ജനാധിപത്യസമ്പ്രദായം പിൻതുടരുന്ന വൻശക്തികൾക്ക് അസാദ്ധ്യമായിരിക്കും.

(13 മാർച്ച്, 1983)

# 26. കോമൺവെൽത്ത് സമ്മേളനം

ഏഷ്യാഡ്, ചേരിചേരാ രാഷ്ട്രസമ്മേളനം എന്നിവയ്ക്കുശേഷം മറ്റൊരു അന്താരാഷ്ട്രീയസമ്മേളനംകൂടി ഇന്ത്യയിൽ നടന്നു. നവംബർ 23 മുതൽ ഒരാഴ്ച ഡൽഹിയിൽ ചേർന്ന കോമൺവെൽത്ത് രാഷ്ട്രത്തലവന്മാരുടെ സമ്മേളനം ആണിത്.

ബ്രിട്ടൻ സാമ്രാജ്യശക്തിയായി വളർന്നുതുടങ്ങിയതു പതിനാറാം നൂറ്റാണ്ടിലാണ്. ക്രമേണ, ഭൂമിയുടെ എല്ലാ ഭാഗങ്ങളിലുമായി സൂര്യനസ്തമിക്കാത്ത ഒരു സാമ്രാജ്യം ബ്രിട്ടീഷ് കിരീടത്തിനു കീഴിൽ നിലവിൽ വന്നു. ബ്രിട്ടീഷ് നാവികപ്പട കടൽത്തിരകളെ ഭരിക്കുവാൻ തുടങ്ങുകയുംചെയ്തു. എന്നാൽ, സാമ്രാജ്യത്തിന്റെ കീഴിലുള്ള എല്ലാ പ്രദേശങ്ങൾക്കും എന്നും ഒരേ പദവിയായിരുന്നില്ല. വെള്ളക്കാരായ കുടിയേറ്റക്കാരുടെ നാടായ കാനഡ 1867—ൽ സ്വയംഭരണമുള്ള 'ഡൊമീനിയൻ' ആയി. ഓസ്ട്രേലിയ, ന്യൂസിലൻഡ്, തെക്കേ ആഫ്രിക്ക എന്നിവയും ഡൊമീനിയൻ പദവി പിന്നീടു കൈവന്നു. സ്വതന്ത്രങ്ങളായിത്തീർന്ന ഈ കോളനികൾ ബ്രിട്ടീഷ് പാർലമെൻറിന്റെ തീരുമാനങ്ങൾക്കു വിധേയങ്ങളായിരുന്നില്ല. അവയെക്കൂടി ഉൾക്കൊള്ളുന്നതിന് 1926—ൽ ബ്രിട്ടീഷ്സാമ്രാജ്യത്തിനു കീഴിലുള്ളവയും, തുല്യ അന്തസ്സുള്ളവയും സ്വയംഭരണമുള്ളവയും, ആഭ്യന്തരകാര്യങ്ങളിലോ വിദേശകാര്യങ്ങളിലോ, ഒന്നു മറ്റൊന്നിനു കീഴ്പ്പെടാത്തവയും, അതേസമയം ബ്രിട്ടീഷ് രാജകിരീടത്തോടുള്ള കൂറിനാൽ ഏകീകരിക്കപ്പെട്ടവയും, ആയ ജനവിഭാഗങ്ങളുടെ സ്വേച്ഛയാ രൂപവല്ക്കരിക്കപ്പെട്ട ഒരു സംഘടന എന്ന നിലയിൽ ''ബ്രിട്ടീഷ് കോമൺവെൽത്ത്'' രൂപവല്ക്കരിച്ചു. ഏതെങ്കിലും അധികാരപത്രത്തിന്റെയോ സന്ധിയുടെയോ പിൻബലം ഈ സംഘടനയ്ക്ക് ഉണ്ടായിരുന്നില്ല. കോമൺവെൽത്തിന് ഒരു ഭരണഘടനയുമില്ല. അതിനൊരു സെക്രട്ടേറിയറ്റ്തന്നെ ഉണ്ടായതു് 1965—ൽ മാത്രമാണ്.

ഇന്ത്യ സ്വാതന്ത്ര്യം നേടിയപ്പോൾ കോമൺവെൽത്തിന്റെ രൂപ

ത്തിൽ ഒരു മാററം ആവശ്യമായി. ബ്രിട്ടീഷ് കിരീടത്തോട് കൂറു പുലർത്താൻ 'പരമാധികാര ജനാധിപത്യ രാഷ്ട്ര'മായ ഇന്ത്യ തയ്യാറായില്ല. എങ്കിലും ബ്രിട്ടനുമായുള്ള ഐതിഹാസികബന്ധം തുടർന്നു പോരുവാൻ ഇന്ത്യയുടെ നേതാക്കൾ ആഗ്രഹിച്ചു. ഇതിനുവേണ്ടി ബ്രിട്ടീഷ് രാജാവിനു (രാജ്ഞിക്ക്) കോമൺവെൽത്തിൻെറ നേതൃപദവി സമ്മതിച്ചു കൊടുക്കാൻ അവർ തയ്യാറായി. അതോടെ 'ബ്രിട്ടീഷ് കോമൺവെൽത്ത്' 'വെറും കോമൺവെൽത്ത്' ആയി മാറി. 1947–ൽ ഇന്ത്യയും പാക്കിസ്ഥാനും അംഗങ്ങളായി. സിലോൺ, മലേഷ്യ, സിംഗപ്പൂർ എന്നീ ഏഷ്യൻ രാജ്യങ്ങളും ഘാന പോലെയുള്ള ആഫ്രിക്കൻ രാജ്യങ്ങളും, കരീബിയൻ പ്രദേശത്തും മററുമുള്ള വേറെ ചില രാജ്യങ്ങളും ക്രമേണ കോമൺവെൽത്തിൽ അംഗത്വം നേടി. ബ്രിട്ടീഷ്സാമ്രാജ്യത്തിൻെറ ഭാഗങ്ങളായിരുന്നു എന്നതൊഴിച്ചാൽ, കോമൺവെൽത്തിലെ ഈ അംഗങ്ങളോരോന്നും ജനവർഗപരമായും പാരമ്പര്യങ്ങൾകൊണ്ടും പരമാവധി വൈവിധ്യം പുലർത്തുന്നവയാണ്. ബ്രിട്ടീഷ് ഭരണത്തിനു കീഴിലായിരുന്ന ഈജിപ്ത്, ഇറാക്ക്, ബർമ മുതലായ ഏതാനും രാജ്യങ്ങൾ കോമൺവെൽത്തിൽ ചേരുകയുണ്ടായില്ല. മുമ്പ് അംഗങ്ങളായിരുന്ന ദക്ഷിണാഫ്രിക്ക 1961–ലും പാക്കിസ്ഥാൻ 1972–ലും കോമൺവെൽത്ത് വിട്ടുപോകുകയുംചെയ്തു. ഇപ്പോൾ കോമൺവെൽത്തിൽ വലുതും ചെറുതുമായി ആകെ നാല്പത്തൊമ്പതു രാഷ്ട്രങ്ങൾ അംഗങ്ങളാണ്. ഐക്യരാഷ്ട്രസഭയിലെ ആകെ അംഗസംഖ്യയിൽ മൂന്നിലൊന്നോളമാണിത്. രണ്ടു വർഷത്തിൽ ഒരിക്കൽ ചേരുന്ന രാഷ്ട്രത്തലവന്മാരുടെ സമ്മേളനം സർവസമ്മതങ്ങളായ തീരുമാനങ്ങളേ കൈക്കൊള്ളാറുള്ളു. ഈ തീരുമാനങ്ങൾക്കു പൊതുവിൽ ശുപാർശകളുടെ പ്രാബല്യമേ ഉള്ളുതാനും. കാരണം, ഈ തീരുമാനങ്ങൾ നിർബന്ധമുപയോഗിച്ചു നടപ്പിൽ വരുത്തുവാനുള്ള ഉപകരണങ്ങളൊന്നും കോമൺവെൽത്ത് സമ്മേളനത്തിൻെറ വരുതിയിൽ ഇല്ല. എങ്കിലും, ലോകജനാഭിപ്രായം രൂപവല്ക്കരിക്കുന്നതിൽ കോമൺവെൽത്ത് സമ്മേളനത്തിനു വലിയ പങ്കു വഹിക്കാൻ കഴിയുന്നുണ്ട്. ബ്രിട്ടീഷ് രാജ്ഞിയുടെ സാന്നിധ്യം കോമൺവെൽത്ത് സമ്മേളനത്തിന് ഉജ്ജ്വലത വർധിപ്പിക്കാൻ സഹായിക്കുകയുംചെയ്യുന്നു.

സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ടു നവംബർ 23–ാം തീയതി ആതിഥേയ രാഷ്ട്രമായ ഇന്ത്യയുടെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ചെയ്ത പ്രസംഗത്തിൽ കോമൺവെൽത്ത് രാഷ്ട്രങ്ങളുടെ മുമ്പിൽ ഇന്നുള്ള പ്രധാന പ്രശ്നങ്ങളെല്ലാം സംക്ഷിപ്തമായി പ്രതിപാദിച്ചിരുന്നു. മനുഷ്യവർഗത്തിൻെറ ഇന്നത്തെ പൊതുപ്രശ്നങ്ങളാണ് ഇവയെല്ലാം. പടിഞ്ഞാറേ ജർമനി, ബ്രിട്ടൻ, ഇററലി എന്നീ രാജ്യങ്ങൾ അണുബോംബുകൾ ഘടിപ്പിച്ച അമേരിക്കൻ മിസൈലുകൾ സ്ഥാപിക്കപ്പെട്ടു വരുന്നതിൽ പ്രതിഷേധിച്ച് അണു–ആയുധ നിയന്ത്രണ സംഭാഷണങ്ങളിൽനിന്ന് സോവ്യററ് യൂണിയൻ പിൻവാങ്ങിയിരിക്കുകയാണ്. തിരിച്ചടിയായി കിഴക്കേ ജർമനിയിലും ചെക്കോസ്ലോവാക്യയിലും അമേരിക്കയ്ക്കു ചുററുമുള്ള കടലുകളിലും തങ്ങൾ മിസൈലുകൾ സ്ഥാപിക്കുമെന്നു സോവ്യററ് യൂണിയൻ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ഇന്ദിരാഗാന്ധി പറഞ്ഞു:

'സമാധാനം അപകടത്തിലാണ്. ആയുധപ്പന്തയം മിക്കവാറും നിയന്ത്രണംവിട്ടുപോയിരിക്കുന്നു. കൂടുതൽ പരിഷ്കരിച്ച ആയുധങ്ങൾക്കുവേണ്ടി വിഭവങ്ങൾ ഹോമിക്കപ്പെടുകയാണ്. ദരിദ്രരാജ്യങ്ങളിൽ വികസനപ്രക്രിയ തടയപ്പെട്ടിരിക്കുന്നു.'

തെക്കുപടിഞ്ഞാറേ ആഫ്രിക്കയിലുള്ള 'നമീബിയ'യുടെ സ്വാത

ന്ത്ര്യമാണു സമ്മേളനം പരിഗണിച്ച മറെറാരു പ്രശ്നം. 1884—ൽ ജർമ്മനിയുടെ കീഴിലായ ഈ പ്രദേശം, ഒന്നാം മഹായുദ്ധത്തിനുശേഷം ലീഗ് ഓഫ് നേഷൻസിൻെറ ഒരു സംരക്ഷിതപ്രദേശമായി. അതിൻെറ തല്ക്കാല ഭരണച്ചുമതല,ദക്ഷിണാഫ്രിക്കയിൽ നിക്ഷിപ്തമാവുകയുംചെയ്തു. പിന്നീട് ഈ രാജ്യം കൈയൊഴിയാൻ വിസമ്മതിക്കുകയാണ്. നിയമവിരുദ്ധമായാണ് ദക്ഷിണാഫ്രിക്ക നമീബിയയിൽ അധികാരം പുലർത്തുന്നതെന്ന് 1971—ൽ അന്താരാഷ്ട്ര കോടതി വിധിച്ചു. 1978 ഡിസംബർ 31—ാം തീയതിക്കുമുമ്പ് നമീബിയയ്ക്കു സ്വാതന്ത്ര്യം നല്കണമെന്ന് ഐക്യരാഷ്ട്രസമിതി ദക്ഷിണാഫ്രിക്കയോട് ആവശ്യപ്പെടുകയും ഉണ്ടായി. എന്നാൽ, ദക്ഷിണാഫ്രിക്ക ഈ നിർദേശം പുല്ലുപോലെ തള്ളിക്കളഞ്ഞിരിക്കുകയാണ്. ബ്രിട്ടൻെറയും അമേരിക്കയുടെയും പിന്തുണയാണ് തെക്കേ ആഫ്രിക്കയിലെ വർഗീയവാദ ഗവൺമെൻറിനു ലോകത്തെ മുഴുവൻ വെല്ലുവിളിക്കുവാനുള്ള ധൈര്യം നല്കുന്നതു്. നമീബിയൻ സ്വാതന്ത്ര്യം കോമൺവെൽത്ത് സമ്മേളനത്തിൻെറ ചർച്ചയ്ക്കുവന്ന പ്രശ്നങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്.

കോമൺവെൽത്തിൽ അംഗമായ ഗ്രനേഡയെ കരീബിയൻ പ്രദേശത്തിലെ ഏതാനും രാജ്യങ്ങളും (അവയും കോമൺവെൽത്തിലെ അംഗങ്ങൾതന്നെ) അമേരിക്കയും ചേർന്ന് ആക്രമിച്ചതും സമ്മേളനത്തിൽ ചർച്ചാവിഷയമായി. കോമൺവെൽത്തിലെ മറെറാരു അംഗമായ സൈപ്രസിൻെറ ഏതാനും ഭാഗം തുർക്കിപ്പടകൾ കൈവശംവച്ചിട്ടുള്ളതും, ഈ പ്രദേശം ഒരു സ്വതന്ത്രരാഷ്ട്രമാണെന്നു ഈയിടെ പ്രഖ്യാപിക്കപ്പെട്ടതുമാണ് സമ്മേളനം ചർച്ചചെയ്ത മറെറാരു പ്രധാന പ്രശ്നം. അമേരിക്ക നേതൃത്വം വഹിക്കുന്ന 'നാറേറാ' സഖ്യത്തിലെ ഒരംഗമാണ് പട്ടാളമേധാവികൾ ഭരിക്കുന്ന തുർക്കി. തുർക്കിയുടെ ഈ നടപടി സാധൂകരിക്കപ്പെടുന്നപക്ഷം, ഏതു രാജ്യത്തിലെയും ഏതു പ്രദേശത്തിനും വിദേശ പട്ടാളസഹായത്തോടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ച് ഒരു വ്യത്യസ്ത രാഷ്ട്രമാകാനുള്ള അവകാശം അനുവദിക്കപ്പെടുക എന്നതാവും അതിനർത്ഥം.

ഇന്ത്യാസമുദ്രം ഒരു സമാധാന മേഖലയായിരിക്കണമെന്നു പന്ത്രണ്ടു വർഷംമുമ്പ് ഐക്യരാഷ്ട്രസമിതി പ്രഖ്യാപിച്ചിരുന്നു. എന്നാൽ, ഈ സമുദ്രം അധികാധികം സൈനികവൽക്കരിക്കപ്പെട്ടുവരികയാണ് ഇപ്പോൾ. ഈ സൈനികവല്ക്കരണത്തിൽ പ്രമുഖമായ പങ്കു വഹിക്കുന്നതു് ബ്രിട്ടനും അമേരിക്കയുമാകുന്നു. ഈ പ്രശ്നവും സമ്മേളനത്തിൻെറ മുമ്പിൽ സമർപ്പിച്ചു.

കോമൺവെൽത്ത് സമ്മേളനം ചർച്ചചെയ്ത ഏററവും പ്രധാന പ്രശ്നം ദരിദ്രരാജ്യങ്ങളെ കാർന്നുതിന്നുന്ന സാമ്പത്തികമാന്ദ്യം ആണ്. വികസനപ്രക്രിയ ദരിദ്രരാജ്യങ്ങളിൽ തീരെ നിലച്ചിരിക്കയാണ്. കുന്നും കുഴിയുമായി കിടക്കുന്ന റോഡുകളും, കെട്ടിമേയാത്ത സ്കൂളുകളും, മരുന്നുകളില്ലാത്ത ആസ്പത്രികളും, അരി സ്റ്റോക്കില്ലാത്ത റേഷൻകടകളും, പട്ടിണിമരണങ്ങളും, പെരുകിവരുന്ന ചേരിപ്രദേശങ്ങളും, കൊള്ളകളും പിടിച്ചുപറികളും ഇന്ത്യയുടെ മാത്രം സവിശേഷതകളല്ല. സമ്പന്നരാജ്യങ്ങൾ അവയുടെ വരുമാനത്തിൽ ഭൂരിഭാഗവും ആയുധഉല്പന്നയത്തിനു ചെലവാക്കുന്നു. സ്വന്തം രാജ്യങ്ങളിലെ നാണയപ്പെരുപ്പം നിയന്ത്രിക്കാൻ ഇവ കൈക്കൊള്ളുന്ന നടപടികൾ ലോകവ്യാപകമായ സാമ്പത്തികത്തകർച്ചയ്ക്കും തൊഴിലില്ലായ്മയ്ക്കും കാരണമായിരിക്കുന്നു. അന്താരാഷ്ട്രീയ വ്യാപാരത്തിൽ സമ്പന്നരാജ്യങ്ങൾ ഏകപക്ഷീയമായി ചുമത്തുന്ന നിയന്ത്രണങ്ങളുടെ ഫലമായി, ദരിദ്രരാജ്യങ്ങൾ കയററിയയയ്ക്കുന്ന കാർഷികവിളകളുടെയും അസംസ്കൃത വിഭവങ്ങളുടെയും വില പാതാളത്തോളം

ഇടിയുകയും, അവ ഇറക്കുമതിയായി നേടുന്ന യന്ത്രസാമഗ്രികളുടെയും ഉപഭോഗവസ്തുക്കളുടെയും വില ഹിമാലയത്തോളം ഉയരുകയുംചെയ്തിരിക്കുന്നു.

രണ്ടാം മഹായുദ്ധത്തിനുശേഷം ലോകസമ്പദ്ഘടനയെ നവീകരിക്കുന്നതിനായി നാല്പതു വർഷം മുമ്പ് ബ്രെറ്റൺ വുഡ്സ് എന്ന സ്ഥലത്തു ചേർന്ന സാമ്പത്തികവിദഗ്ദ്ധരുടെ ശുപാർശയനുസരിച്ച് നിലവിൽ വന്നവയാണ് ലോകബാങ്ക്, 'ഗാട്ട്' (വ്യാപാരം, ചുങ്കം എന്നിവ സംബന്ധിച്ച പൊതുസമ്മതം), അൺക്ടാഡ് (വ്യാപാരവ്യവസായങ്ങൾക്കുവേണ്ടിയുള്ള ഐക്യരാഷ്ട്രക്കമ്മിററി), അന്താരാഷ്ട്രീയ വികസനനിധി മുതലായ സ്ഥാപനങ്ങൾ. ദരിദ്രരാജ്യങ്ങളിലെ ഇന്നത്തെ ഭീമമായ സാമ്പത്തികത്തകർച്ചയ്ക്കു പ്രതിവിധി ചെയ്യുന്നതിന് ഈ സ്ഥാപനങ്ങൾ പര്യാപ്തങ്ങളല്ലാതായിത്തീർന്നിരിക്കുന്നു. അതേസമയം സമ്പന്നരാജ്യങ്ങൾ ഈ സ്ഥാപനങ്ങൾക്കു നൽകിയിരുന്ന സഹായം കുറയ്ക്കുകയോ നിർത്തിവയ്ക്കുകയോചെയ്തിരിക്കുന്നു. അവയുടെ സേവനം കൂടുതൽ കൂടുതൽ ജനവിഭാഗങ്ങൾക്ക് അനുപേക്ഷണീയമായിത്തീർന്ന ഘട്ടത്തിലാണ് ഈ തിരിച്ചടി. കടം കയറി പല രാജ്യങ്ങളും പാപ്പരായിക്കഴിഞ്ഞിരിക്കുന്നു. ഇത്തരം സാമ്പത്തിക—നാണയ പ്രശ്നങ്ങൾ ബഹുരാഷ്ട്രതലത്തിൽ ചർച്ചചെയ്തു ലോകസാമ്പത്തിക നവീകരണം നേടിയെടുക്കുന്നതിനുള്ള പുതിയ സംവിധാനങ്ങൾ രൂപവൽക്കരിക്കാൻ ഇനിയൊട്ടും വൈകിച്ചുകൂടാ. ഈ സംഗതി ഡൽഹിയിൽ ചേർന്ന ചേരിചേരാ രാഷ്ട്രസമ്മേളനം ഊന്നിപ്പറയുകയും, ഇക്കാര്യം സംബന്ധിച്ച് ശ്രീമതി ഇന്ദിരാഗാന്ധി ലോകനേതാക്കളെ സന്ദർശിച്ച് ചർച്ചകൾ നടത്തുകയുമുണ്ടായി. എന്നാൽ, മുഖ്യമായും അമേരിക്കയുടെ എതിർപ്പു കാരണം, ഈ രംഗത്ത് പുരോഗതിയൊന്നുമുണ്ടായിട്ടില്ല. നിലവിലുള്ള സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയേ വേണ്ടതുള്ളു എന്നും അല്ലാതെ ഒരു പുതിയ ലോകസാമ്പത്തിക വ്യവസ്ഥിതി നടപ്പിൽ വരുത്തേണ്ടതിന്റെ യാതൊരാവശ്യവുമില്ലെന്നും ഡൽഹി സമ്മേളനത്തിൽ ബ്രിട്ടീഷ് പ്രധാനമന്ത്രി ശ്രീമതി മാർഗരററ് താച്ചർ തുറന്നു പ്രസ്താവിക്കുകയുണ്ടായി. റെയ്ഗന്റെ അഭിപ്രായമാണ് താച്ചർ പ്രതിഫലിപ്പിച്ചത്.

മുമ്പു പറഞ്ഞവയും അല്ലാത്തവയുമായ പല പ്രശ്നങ്ങളെപ്പററിയും കോമൺവെൽത്ത് സമ്മേളനം ഡൽഹിയിലും ഗോവയിലുംവച്ചു സുദീർഘമായി ചർച്ചചെയ്തു. ശുപാർശരൂപത്തിലുള്ള ഏതാനും പ്രമേയങ്ങളും സമ്മേളനം അംഗീകരിച്ചിട്ടുണ്ട്. ഇന്നത്തെ സംഘർഷാത്മകമായ ലോകകാലാവസ്ഥയിൽ ഈ പ്രമേയങ്ങൾ വളരെയൊന്നും ശ്രദ്ധിക്കപ്പെടാതെ പോകാനാണു സാദ്ധ്യത. പൊതുജനാഭിപ്രായത്തിന് ഒരു സർക്കാരും വലിയ വില കല്പിക്കാത്ത കാലമാണല്ലോ ഇത്. ബലമുള്ളവൻ പറയുന്നത് ധർമ്മം എന്നതാണ് ഇപ്പോഴത്തെ അന്താരാഷ്ട്രീയ ചട്ടം. ഈ പരിതഃസ്ഥിതിയിൽ വിവേകത്തിന്റെ ശബ്ദം ആരു കേൾക്കാനാണ്?

കോമൺവെൽത്ത് സമ്മേളനത്തിനു വേദിയൊരുക്കാൻ ദരിദ്രരാജ്യമായ ഇന്ത്യ എത്ര പണം ചെലവഴിച്ചു എന്നറിയപ്പെട്ടിട്ടില്ല. ഈ സമ്മേളനത്തിൽ പങ്കെടുത്ത രാഷ്ട്രത്തലവന്മാരുടെയും പ്രധാനമന്ത്രിമാരുടെയും മററും ശരീരരക്ഷ കരുതി ഡൽഹി നഗരത്തിന്റെ പല ഭാഗങ്ങളിലും ചുമത്തിയ നിയന്ത്രണങ്ങൾ പരക്കെ അസൗകര്യമുളവാക്കിയിരുന്നു. ദൈനംദിന കാര്യങ്ങളിൽ ശ്രദ്ധിക്കാതെ കേന്ദ്രഭരണയന്ത്രം മുഴുവൻ സമ്മേളന നടത്തിപ്പിൽ വ്യാപൃതമായിട്ട് എത്രയോ മാസങ്ങളായിക്കാണും. രാജ്യത്തെങ്ങും വികസനപ്രവർത്തനങ്ങൾ നിലച്ചുപോകുന്നതിന്റെ ഒരു കാരണം ഭരണകർത്താക്കളുടെ ഈ കാര്യാന്തര വ്യഗ്രതകൂടിയാണ്.

ഓരോ അന്താരാഷ്ട്രീയ സമ്മേളനത്തിനും പ്രാരംഭമായി, കോടിക്കണക്കിനു രൂപ ഇന്ത്യയിൽ ബഹുജനങ്ങൾക്ക വളരെയൊന്നും ഉപകരിക്കാത്ത ഹോട്ടലുകളുടെയും മററും നവീകരണത്തിനായി നിക്ഷേപിക്കപ്പെടുന്നു. ഇത്തരം സമ്മേളനങ്ങളിൽ നിക്ഷിപ്തതാല്പര്യമുള്ള കൺട്രാക്റ്റർമാരുടെയും കാര്യസ്ഥന്മാരുടെയും ശുദ്ധ തെണ്ടികളുടെയും ഒരു പുതിയ വർഗ്ഗം തന്നെ തലസ്ഥാനത്ത് ഉളവായിട്ടുണ്ട്. സമ്മേളനങ്ങൾക്കെന്നും പറഞ്ഞ് എത്രയോ പേർ വിദേശപര്യടനം തരപ്പെടുത്തുന്നു. അതിനു സാധിക്കാത്തവർ, നാട്ടിനകത്തുള്ള പാർട്ടികളിലും യോഗങ്ങളിലും 'വിലസി' തൃപ്തി നേടുന്നു. സമ്മേളനങ്ങൾക്ക സൗന്ദര്യം പകരാൻ 'സൊസൈററി ലേഡി'മാരുടെ വലിയ പടകൾതന്നെ സജ്ജീകരിക്കപ്പെടുന്നു. അതിഥികളുടെ കണ്ണിൽപ്പെടാതെ ചേരിപ്രദേശങ്ങളെ പനമ്പിട്ട മൂടാനും, ഭിക്ഷക്കാരെയും കുഷ്ഠരോഗികളെയും ആട്ടിയകററാനും എല്ലാം വിഫലശ്രമങ്ങൾ നടക്കുന്നു.

ഇന്ത്യയെപ്പോലുള്ള ഒരു വലിയ രാജ്യത്തിൽ അന്താരാഷ്ട്രീയ സമ്മേളനങ്ങൾ അതാതവസരത്തിൽ നടക്കുകയെന്നത് ഒഴിച്ചുകൂടാത്ത ഒരാവശ്യമാണ്. അതേസമയം ധൂർത്തിനും പാഴ്ച്ചെലവിനും ചൂഷണത്തിനും തട്ടിപ്പിനും വെട്ടിപ്പിനും അലസതയ്ക്കും തോന്ന്യവാസത്തിനുമുള്ള അവസരങ്ങളാവരുത് ഈ സമ്മേളനങ്ങൾ. അത്യാവശ്യം വേണ്ട രക്ഷാവ്യവസ്ഥകളും, ഒഴിച്ചുകൂടാത്ത ആതിഥ്യസൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതുതന്നെ. പക്ഷേ, കണ്ണീർത്തടാകത്തിൽ പുഞ്ചിരിപ്പൂന്തോട്ടങ്ങൾ സൃഷ്ടിച്ച് വേണ്ട അതിഥികളെ സല്കരിക്കാൻ ഇന്ത്യയുടെ നഗ്നമായ ദാരിദ്ര്യത്തെപ്പററി ബോധമില്ലാത്തവരല്ല നമ്മുടെ അതിഥികൾ. ലജ്ജിക്കേണ്ടത് നമ്മുടെ ദാരിദ്ര്യത്തെച്ചൊല്ലിയാണ്, അതു മററുള്ളവർ കാണുന്നതിനെച്ചൊല്ലിയല്ല.

പണ്ട് വൈസ്രോയിമാരെ വിരുന്നൂട്ടാൻ ഇന്ത്യയിലെ നാട്ടുരാജാക്കന്മാർ പാൽപുഴക്കളെ വളർത്തിയിരുന്നതായി പറയാറുണ്ട്. ഒരു വലിയ കുളത്തിൽ പാൽ നിറയ്ക്കുക. ക്രമേണ അതിൽ പുഴക്കൾ നിറയും. കൂടുതൽ പാൽ ഒഴിക്കുക. പുഴക്കൾ വലുതാവും. അവയിൽ വലിയ പുഴക്കൾ ചെറിയ പുഴക്കളെ തിന്നു തടിക്കും. ഒടുവിൽ ഒരു വലിയ പുഴ മാത്രം പാൽക്കുളത്തിൽ ബാക്കിയാവും. ഇതാണ് 'പാൽപുഴ'. വൈസ്രോയിമാരുടെ പ്രിയ ഭക്ഷണം പാൽപുഴവായിരുന്നുവെന്ന് അമ്പതു വർഷം മുമ്പ് ഇന്ത്യയിൽ പലരും വിശ്വസിച്ചിരുന്നു.

ഇതൊരു തെററായ വിശ്വാസമായിരുന്നു. വൈസ്രോയിമാർ പാൽപുഴവല്ല, പശുമാംസവും മററുമാണ തിന്നിരുന്നത്. പക്ഷേ, ഈ ജനാധിപത്യയുഗത്തിൽ അതിഥിപൂജയ്ക്കു പുതിയ രൂപത്തിലുള്ള പാൽപുഴകൃഷി നാം ആരംഭിക്കേണ്ടതുണ്ടോ?

(29 നവംബർ, 1983)

## 27. ലോക സംജ്ഞാപനവർഷം

ഈ കുറിപ്പ് എഴുതാൻ ആലോചിച്ചപ്പോൾത്തന്നെ ഒരു പ്രയാസം എനിക്ക് അനുഭവപ്പെട്ടു. കമ്യൂണിക്കേഷനെപ്പററിയാണു ഞാൻ എഴുതേണ്ടത്. എന്താണ് കമ്യൂണിക്കേഷൻ? വാർത്താവിതരണമാണോ? ആണ്. എന്നാൽ, വാർത്താവിതരണത്തേക്കാൾ കവിഞ്ഞ ഒന്നാണത്. വാർത്താവിതരണത്തോടൊപ്പം ആശയവിനിമയവും അതിൽ അടങ്ങുന്നു. 'വിചാ